"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്-മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ച് തുടർന്ന് വരുന്ന അധ്യാപകർക്ക് കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ പ്രവർത്തനസജ്ജമാകാത്തതിനാൽ അർഹമായ വേതനം അനുവദിച്ച് ഉത്തരവാകുന്നത്- സംബന്ധിച്ച്.

---

**പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ.(സാധാ) നം.1957/2021/പൊ.വി.വ** തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1 26.3.2020 തീയതിയിലെ സ.ഉ(പി) നമ്പർ.33/20/ധന ഉത്തരവ്

2 09.4.2020 തീയതിയിലെ സ.ഉ(പി) നമ്പർ.40/20/ധന ഉത്തരവ്

3 പൊതു വിദ്യഭ്യാസ ഡയറക്ടറുടെ 24/11/2020 ലെ എച്ച്2/8499/2020/ഡിജിഇ നമ്പർ കത്ത്

ഉത്തരവ്

മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ച തുടർന്ന് വരുന്ന അധ്യാപകർക്ക് കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ പ്രവർത്തനസജ്ജമാകാത്തതിനാൽ വേതനം ലഭ്യമാകാത്ത സാഹചര്യം നിലനില്ക്കുന്നുവെന്നും ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്നും നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. 2019-2020 വർഷം വരെയുള്ള തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ട് ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ച അധ്യാപക / അനദ്ധ്യാപകർക്ക് വേതനം അനുവദിക്കുന്നതു സംബന്ധിച്ച ശുപാർശ പരാമർശം (3) പ്രകാരം ലഭിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ അധ്യാപകരും കുട്ടികളും സ്കൂളിൽ ഹാജരാകാത്ത സാഹചര്യത്തിൽ, ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ച അദ്ധ്യാപകർ/ അനധ്യാപകർക്ക് പരാമർശം (1)ലെയും (2)ലേയും ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ഒടുവിൽ വേതനം നൽകേണ്ടിയിരുന്നത് 2020 മാർച്ച് മാസത്തിലാണ്. ഈ സാഹചര്യത്തിൽ, പരാമർശം(3) ലെ കത്തിനോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെടുന്ന മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപക/ അനധ്യാപകർക്ക്, അവർക്ക് ഏറ്റവും ഒടുവിൽ നൽകിയ വേതനത്തിനു ( ആകെ ആ മാസം നൽകിയത് ) തുല്യമായ തുക 2021 ജനുവരി മുതൽ സാധാരണ രീതിയിൽ സ്കൂളുകൾ പ്രവർത്തിച്ചു തുടങ്ങുന്നതുവരെ പ്രതിമാസം നല്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും

ഡയറക്ടർ വെബ് & ന്യൂ മീഡിയ)/പ്രസ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by
PARVATHY S A
Date: 2021.02.26 12:32:17
IST
Reason: Approved